ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വഖഫ് നിയമ ഭേദഗതിക്കെതിരായ ഹർജികളിൽ സുപ്രീം കോടതിയിൽ വാദം ഇന്നും തുടരും.

   **The Supreme Court will resume hearing today on the Waqf (Amendment) Act 2025.**

2. രാജ്യത്തെ നക്സലിസം പൂർണ്ണമായും തുടച്ചുനീക്കാൻ സിആർപിഎഫ് വഹിക്കുന്ന പങ്ക് സുപ്രധാനമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah has said that the role played by the CRPF is crucial in completely eradicating Naxalism from the country.**

3. ഇന്ത്യയുടെ പ്രതിരോധ മേഖല സ്വാശ്രയത്വത്തിൻറെ പാതയിലേക്ക് മുന്നേറുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh says India's defence sector is on the path of self-reliance.**

4. തിരുവനന്തപുരം മുതലപ്പൊഴിയിൽ മണൽനീക്കമായി ബന്ധപ്പെട്ട് മത്സ്യതൊഴിലാളികളുടെ കനത്ത പ്രതിഷേധം. പൊഴി മുറിക്കാൻ എത്തിയ ഹാർബർ എഞ്ചിനീയറിങ് വിഭാഗത്തെ തടഞ്ഞു.

   **Heavy protest continues in Thiruvananthapuram's Muthalapozhi by fishermen regarding sand accumulation in the estuary. The protestors blocked the Harbor Engineering Department that arrived to break the sandbar.**

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും.

   **Mumbai Indians and Sunrisers Hyderabad will take up each other today in IPL cricket.**

************************

## SC WAQF LAW

വഖഫ് നിയമ ഭേദഗതിക്കെതിരായ ഹർജികളിൽ സുപ്രീം കോടതിയിൽ ഇന്നും വാദം തുടരും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ഉൾപ്പെട്ട മൂന്നംഗ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. കോടതി വഴിയോ ഉപയോഗം വഴിയോ വഖഫായ സ്വത്തുക്കൾ വഖഫ് പട്ടികയിൽ നിന്ന് ഒഴിവാക്കാൻ പാടില്ലെന്ന് ഇന്നലെ ഹർജികൾ പരിഗണിക്കവെ സുപ്രീംകോടതി നിരീക്ഷിച്ചു. കോടതി ഉന്നയിച്ച വാദങ്ങളിൽ തങ്ങളുടെ ഭാഗം സാധൂകരിക്കുന്ന വസ്തുതകൾ തയ്യാറാക്കാൻ കൂടുതൽ സമയം വേണമെന്ന കേന്ദ്ര സർക്കാരിന്റെ ആവശ്യം പരിഗണിച്ചാണ് ഇന്നും ഹർജിയിൽ വാദം തുടരാൻ അനുമതി നല്കിയത്.

************************

## CRPF FOUNDATION DAY (intro)

2026 മാർച്ച് 31 ഓടെ രാജ്യത്ത് നിന്ന് നക്സലിസം പൂർണ്ണമായും തുടച്ചുനീക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഈ ലക്ഷ്യത്തിനായി സിആർപിഎഫ് ജവാൻമാർ വഹിക്കുന്ന പങ്ക് സുപ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. സിആർപിഎഫ് ന്റെ 86-ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ച് മധ്യപ്രദേശിലെ നീമുച്ചിൽ നടന്ന പരേഡിൽ പങ്കെടുക്കുകയായിരുന്നു കേന്ദ്ര ആഭ്യന്തര മന്ത്രി. കശ്മീർ താഴ്‌വരയിൽ തീവ്രവാദപ്രവർത്തനങ്ങൾക്കെതിരെ പൊരുതുന്നതിനും, വടക്കുകിഴക്കൻ മേഖലയിൽ സമാധാനം പുനസ്ഥാപിക്കുന്നതിനും ഉൾപ്പെടെ സിആർപിഎഫ് ഉദ്യോഗസ്ഥർ വലിയ സംഭാവനയാണ് രാജ്യത്തിന് നൽകുന്നതെന്ന് ശ്രീ ഷാ അനുസ്മരിച്ചു.

(വോയ്സ്)

ഷാഹിദ് സ്ഥലിൽ വീരമൃത്യു വരിച്ച സിആർപിഎഫ് ജവാൻമാർക്ക് കേന്ദ്രമന്ത്രി ആദരാഞ്ജലിയും അർപ്പിച്ചു.

************************

## CHAUHAN-BRICS MEETING

ബ്രസീലിൽ നടക്കുന്ന 15-ാമത് ബ്രിക്സ് കൃഷി മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് പങ്കെടുക്കും. സഹകരണം, നവീകരണം, വ്യാപാരം എന്നിവയിലൂടെ സമഗ്രവും സുസ്ഥിരവുമായ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന വിഷയത്തിലാണ് യോഗം സംഘടിപ്പിച്ചിരിക്കുന്നതെന്ന് കേന്ദ്ര കാർഷികമന്ത്രാലയം വ്യക്തമാക്കി. ബ്രസീൽ സന്ദർശന വേളയിൽ, ബ്രസീൽ കൃഷിമന്ത്രി, കുടുംബക്ഷേമ മന്ത്രി എന്നിവരുമായി ശ്രീ ശിവരാജ് സിംഗ് ചൗഹാൻ ഉഭയകക്ഷി ചർച്ചകൾ നടത്തും.

*************************

## PM CHANDRASHEKHAR

മുൻ പ്രധാനമന്ത്രി ചന്ദ്രശേഖറിൻറെ ജന്മദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. രാഷ്ട്രീയത്തിന് അതീതമായി ദേശീയ താൽപ്പര്യത്തിന് പ്രാധാന്യം നൽകിയ വ്യക്തിയാണ് ചന്ദ്രശേഖർ എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

*************************

## REV. RAJNATH- DEFENCE CONCLAVE

ഇന്ത്യയുടെ പ്രതിരോധ മേഖല സ്വാശ്രയത്വത്തിൻറെ പാതയിലേക്ക് മുന്നേറുകയാണെന്നും ലോകത്ത് പ്രതിരോധ കയറ്റുമതിയുടെ സാധ്യതകൾ ശക്തിപ്പെടുകയാണെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന ഡിഫൻസ് കോൺക്ലേവ്-ഫോഴ്സ് ഓഫ് ദി ഫ്യൂച്ചർ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രതിരോധ മേഖലയുടെ സ്വയം പര്യാപ്തത വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ പ്രഥമ പരിഗണന നൽകുന്നതായും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

*************************

## NCW-MURSHIDABAD

പശ്ചിമ ബംഗാളിലെ അക്രമബാധിത പ്രദേശങ്ങൾ ദേശീയ വനിതാ കമ്മീഷൻ പ്രതിനിധി സംഘം ഇന്ന് സന്ദർശിക്കും. ഇന്ന് വൈകുന്നേരം കൊൽക്കത്തയിൽ എത്തുന്ന സംഘം നാളെ മാൽഡയും ശനിയാഴ്ച മുർഷിദാബാദും സന്ദർശിക്കും. അക്രമത്തെക്കുറിച്ച് അന്വേഷിക്കാൻ ദേശീയ വനിതാ കമ്മീഷൻ അന്വേഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. വഖഫ് ഭേദഗതി നിയമത്തെ ചൊല്ലി ഉണ്ടായ അക്രമ സംഭവങ്ങൾ അന്വേഷിക്കാൻ ഒൻപതംഗ പ്രത്യേക സംഘത്തെ പശ്ചിമ ബംഗാൾ പോലീസ് നേരത്തെ പ്രഖ്യാപിച്ചിരുന്നു.

*************************

## MAUNDY THURSDAY

ലോകമെങ്ങുമുള്ള ക്രൈസ്തവർ ഇന്ന് പെസഹാ ആചരിക്കുന്നു. അന്ത്യത്താഴ വേളയിൽ യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിൻറെ ഓർമ്മ പുതുക്കൽ കൂടിയാണ് പെസഹ. ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയ്ക്കു പുറമേ ഇന്ന് പ്രത്യേക പ്രാർത്ഥനകളും കാൽ കഴുകൽ ശുശ്രൂഷയും നടക്കും. യേശുക്രിസ്തുവിൻറെ പീഡാനുഭവത്തിൻറെ ഓർമ്മ പുതുക്കി നാളെ ദു:ഖ വെള്ളി ആചരിക്കും. ഇതിൻറെ ഭാഗമായി വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ നേതൃത്വത്തിൽ കുരിശിൻറെ വഴി സംഘടിപ്പിക്കും.

*************************

## MUTHALAPPOZHI (INTRO)

തിരുവനന്തപുരം മുതലപ്പൊഴിയിൽ മത്സ്യതൊഴിലാളികളുടെ കനത്ത പ്രതിഷേധം. മത്സ്യ തൊഴിലാളികളുടെ പ്രതിഷേധത്തെ തുടർന്ന് മുതലപ്പൊഴിയിൽ ഡ്രഡ്ജിങ്ങ് ആരംഭിക്കാനായില്ല. മണൽ നീക്കവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിങ് വിഭാഗം മത്സ്യതൊഴിലാളികളുമായി നടത്തിയ ചർച്ച പരാജയപ്പെട്ടു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...............

(വോയ്സ്)

*************************

## M B RAJESH

സിനിമാ സെറ്റിലെ ലഹരി ഉപയോഗം സംബന്ധിച്ച് നടി വിൻസി അലോഷ്യസിൻറെ വെളിപ്പെടുത്തലിൻറെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുമെന്ന് എക്സൈസ് മന്ത്രി എം.ബി രാജേഷ്. ഈ വിഷയത്തെ വളരെ ഗൗരവത്തോടെയാണ് എക്സൈസ് വകുപ്പ് കാണുന്നത്. നടി പരാതി നല്കിയാൽ അതും അന്വേഷിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

*************************

## SHINE TOM

അതെസമയം, വിൻ സി അലോഷ്യസ് നൽകിയ പരാതി ചർച്ച ചെയ്യാൻ മോണിറ്ററിംഗ് സമിതി ചേരുമെന്ന് ഫിലിം ചേംബർ ഭാരവാഹികൾ അറിയിച്ചു. വിൻ സി അലോഷ്യസിൻറെ പരാതി ഇന്ന് രാവിലെ ലഭിച്ചതായി അമ്മ നിർവാഹക സമിതി അംഗം വിനു മോഹൻ പറഞ്ഞു. മൂന്നംഗ സമിതി രൂപീകരിച്ച് പരാതി അന്വേഷിക്കും.

*************************

## ED-ROBERT VADRA

ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മുതിർന്ന കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാദ്രയെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് മൂന്നാം ദിനമായ ഇന്നും ചോദ്യം ചെയ്യുന്നു. വാദ്രയുടെ കമ്പനി ഹരിയാനയിലെ ഗുരുഗ്രാമിൽ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടാണ് കേസ്.

*************************

## IPL-CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും. രാത്രി 7.30-ന് മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

***********************

## ISSF - SHOOTING

പെറുവിലെ ലിമയിൽ നടക്കുന്ന ISSF ഷൂട്ടിംഗ് ലോക കപ്പിൽ ഇന്ന് നടക്കുന്ന സ്കീറ്റ് വനിതാ ഫൈനലിൽ ഇന്ത്യയുടെ റൈസ ധില്ലൺ മത്സരിക്കും. 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇനത്തിൽ ഇന്ത്യക്ക് ഇന്നലെ സ്വർണ്ണം ലഭിച്ചിരുന്നു.

***********************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തോടെ വ്യാപാരം പുരോഗമിക്കുന്നു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 860 പോയിൻറ് ഉയർന്ന് 77932 ലും, ദേശീയ സൂചിക നിഫ്റ്റി 237 പോയിൻറ് ഉയർന്ന് 23,679 ലും വ്യാപാരം തുടരുന്നു. സ്വർണ്ണം ഗ്രാമിന് 105 രൂപ വർദ്ധിച്ച് 8920 യും , പവന് 71,360 രൂപയുമാണ് ഇന്നത്തെ വില.

***********************

## K RAJAN

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള സർക്കാർ സഹായം തുടരുമെന്ന് മന്ത്രി കെ. രാജൻ. ദുരന്തബാധിതരായ ജീവനോപാധി നഷ്ടപ്പെട്ട ഒരു കുടുംബത്തിലെ രണ്ടു പേർക്ക് 300 രൂപ വീതം 9 മാസത്തേക്ക് നൽകാൻ സർക്കാർ ഉത്തരവായി. ഒരു മാസം 1,000 രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനുള്ള കൂപ്പൺ ജില്ലാ ഭരണകൂടം വഴി ലഭ്യമാക്കിയിട്ടുണ്ടെന്നും റവന്യു മന്ത്രി അറിയിച്ചു.

***********************

## HEMOPHILIA DAY

ഇന്ന് ലോക ഹീമോഫിലിയ ദിനം. ഹീമോഫീലിയ, മറ്റ് രക്ത സംബന്ധമായ രോഗങ്ങൾ എന്നിവ സംബന്ധിച്ച അവബോധം നൽകുന്നതിനാണ് എല്ലാ വർഷവും ഏപ്രിൽ 17 ലോക ഹീമോഫിലിയ ദിനമായി ആചരിക്കുന്നത്.

*************************

## CM-KERALA

കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിന് ജൂൺ മാസം മുതൽ വിപുലമായ ക്യാമ്പെയ്ൻ ആരംഭിക്കും. ലഹരി വിരുദ്ധ ക്യാംമ്പെയ്ൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന മതമേലധ്യക്ഷന്മാരുടെ യോഗത്തിനും സർവ്വകക്ഷി യോഗത്തിനും ശേഷമാണ് ഈ തീരുമാനം. ലഹരിക്കെതിരെ കേരളം ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

*************************

## Sarbananda Sonowal

തുറമുഖങ്ങളുടെയും MAITRI പോലുള്ള ഡിജിറ്റൽ പ്ലാറ്റുഫോമുകളുടെയും വികസനത്തോടെ രാജ്യം ആധുനിക മാരിടൈം വിപ്ലവത്തിന് നേതൃത്വം വഹിക്കുകയാണെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ. ഇന്ത്യ-മിഡിൽ ഈസ്റ്റ് - യൂറോപ്പ് സാമ്പത്തിക ഇടനാഴി കോൺക്ലേവ് 2025-നെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം .

*************************

## WTO TRADE FORECAST-US STOCKS

അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ അധിക തീരുവ പ്രഖ്യാപനത്തിൻറെ ഫലമായി ഈ വർഷം ആഗോള വ്യാപാരം കുറയുമെന്ന് ലോക വ്യാപാര സംഘടന. ചൈനീസ് അമേരിക്കൻ സമ്പദ് വ്യവസ്ഥകൾ തമ്മിലുള്ള വ്യാപാരം 81 ശതമാനം

കുറയുമെന്നും WTO ഡയറക്ടർ ജനറൽ വ്യക്തമാക്കി. അതേസമയം അമേരിക്കൻ ഓഹരിവിപണിയിൽ കനത്ത ഇടിവ് രേഖപ്പെടുത്തി.

*************************

## US tariff hikes

ചൈനയിൽ നിന്നുള്ള ചില ഉത്പന്നങ്ങൾക്ക് അമേരിക്ക 245 ശതമാനം തീരുവ ഏർപ്പെടുത്തിയത് യാതൊരു സാമ്പത്തിക അവബോധവുമില്ലാതെയെന്ന് ചൈന. നേരത്തെ ചൈനീസ് ഉൽപ്പന്നങ്ങൾക്ക് 145 ശതമാനം തീരുവ ചുമത്താനുള്ള യുഎസ് തീരുമാനത്തിന് മറുപടിയായി, ബോയിംഗ് ജെറ്റുകളുടെ കൂടുതൽ ഡെലിവറി സ്വീകരിക്കേണ്ടെന്ന് ചൈന തങ്ങളുടെ വിമാനക്കമ്പനികൾക്ക് നിർദേശം നൽകിയിരുന്നു. ഇതിനെ തുടർന്നാണ് അമേരിക്കയുടെ പുതിയ തീരുമാനം.

*************************

*******************************************************************************